## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5698

28.03.2018 ൽ മറുപടി നൽകേണ്ടതിരുന്നത്

### കേരളപബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ.ഖാദർ**

**ഉത്തരം**

**പിണറായി വിജയൻ (മുഖ്യമന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ; | എ) ചെയർമാൻ ഉൾപ്പെടെ 21 അംഗങ്ങളുണ്ട്. |
| ബി) ഇതര സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകളിൽ താരതമ്യേന കുറഞ്ഞ അംഗസംഖ്യയാണുള്ളതെന്നിരിക്കെ ഇവിടെ കൂടുതൽ അംഗങ്ങളെ നിയമിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുമോ; | ബി) മറ്റ് സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകൾ ഗസറ്റഡ് തസ്തികകൾ മാത്രം ഉൾക്കൊള്ളുന്ന സംസ്ഥാന സിവിൽ സർവ്വീസിലെ പരിമിതമായ തസ്തികയിലേക്കുള്ള നിയമന നടപടികളും മറ്റ് ഭരണഘടനാ ചുമതലകളും മാത്രമാണ് നിർവ്വഹിക്കുന്നത്. എന്നാൽ കേരളത്തിലെ സർക്കാർ സർവ്വീസിലെ ഏറ്റവും താഴ്ന്ന തസ്തിക മുതൽ വിവിധ സേനാ വിഭാഗങ്ങളിലെ തസ്തികകളും ആസൂത്രണബോർഡിലെ ചീഫ് തസ്തികയും ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സഹകരണ സംഘത്തിൻ കീഴിലുള്ള സൊസൈറ്റികൾ മുതലായ സ്ഥാപനങ്ങളിലെ തസ്തികകളുടെ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തുടങ്ങി പുതിയ മേഖലകളിലെ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്താൻ പോകുന്നത്. ഇതിനായി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി അപേക്ഷകൾ സ്വീകരിച്ച് എഴുത്ത്/പ്രായോഗിക/ കായികക്ഷമതാ പരിശോധന ആവശ്യമുള്ള തസ്തികകളിൽ കായികക്ഷമതാ പരീക്ഷയും നടത്തി, പ്രമാണ പരിശോധന |

[illegible] രൂപീകരിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്യുകയും ചെയ്യുന്നു. മാത്രമല്ല സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ആദിവാസി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എക്സൈസ് ഓഫീസർ, ട്രൈബൽ വാച്ചർ പോലുള്ള തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കായി അവരുടെ വാസസ്ഥലങ്ങളിലേയ്ക്ക് കമ്മീഷൻ അംഗങ്ങൾ നേരിട്ട് പോയി അഭിമുഖം നടത്തി നിയമനപ്രക്രിയ പൂർത്തിയാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള വിപുലമായ പ്രവർത്തനങ്ങളാണ് 21 അംഗങ്ങളുടെ നേതൃത്വത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയ്തു വരുന്നത്.

സി) അധികം മെമ്പർമാരെ നിയമിക്കുന്നതു വഴിയുള്ള ഭാരിച്ച ചെലവ് പരിശോധിച്ചിട്ടുണ്ടോ; ഇത്രയും മെമ്പർമാർ ഉണ്ടായിരുന്നിട്ടും കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് തദനുസരണം വേഗവും ഫലപ്രാപ്തിയും ഉണ്ടാകുന്നില്ലെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

സി) വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടന്നിരുന്ന /കാലതാമസം ഉണ്ടായിരുന്ന തെരഞ്ഞെടുപ്പുകൾ, കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടുന്ന വിവിധ ഉപസമിതികൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കാതിരിക്കുക, കോടതി തുടർ നടപടികൾ വിലക്കുക തുടങ്ങിയ തടസ്സങ്ങൾ ഇല്ലാത്തതുമായ 2016 വരെയുള്ള വിജ്ഞാപനങ്ങൾ പ്രകാരമുള്ള എല്ലാ തെരഞ്ഞെടുപ്പുകളും പൂർത്തീകരിക്കുകയോ സമയബന്ധിതമായ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി മെമ്പർമാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

Saju

**സെക്ഷൻ ഓഫീസർ**